LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ തീർപ്പാക്കാനുള്ള അപേക്ഷകൾ

130 [1933] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ് എത്ര ക്ഷേമപദ്ധതികൾ നടപ്പാക്കിയിരുന്നുവെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) ഇപ്പോൾ ഈ പദ്ധതികളിൽ ഏതെങ്കിലും മരവിപ്പിക്കുകയോ നിറുത്തലാക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) അപകടത്തിൽ മരണപ്പെട്ടവർക്ക് ഇൻഷ്വറൻസ് തുക നൽകേണ്ടതായ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 17 പദ്ധതികൾ. വിശദവിവരം താഴെ കൊടുക്കുന്നു:

1. ഗ്രൂപ്പ് ഇൻഷ്വറൻസ്.
2. അപകട ചികിത്സാ സഹായം.
3. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ മരണം—ആശ്രിതർക്ക് ധനസഹായം.
4. വിവാഹ ധനസഹായം.
5. വാർദ്ധക്യകാല പെൻഷൻ.
6. ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം.
7. അപകടംമൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായം.
8. മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം.
9. എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്—തുടർവിദ്യാഭ്യാസത്തിന് ധനസഹായം.
10. കുടുംബ സംവിധാന പദ്ധതി.
11. മാരക രോഗ ചികിത്സാപദ്ധതി.
12. ചെയർമാൻസ് റിലീഫ് ഫണ്ട്.
13. പ്രസവശുശ്രൂഷയ്ക്ക് ധനസഹായം.
14. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി.

15. മത്സ്യത്തൊഴിലാളി ഗൈഡൻസ് സെന്റർ പദ്ധതി.

16. മത്സ്യത്തൊഴിലാളികളുടെ ബോധവൽക്കരണ പദ്ധതി.

17. ശ്രേഷ്ഠ മത്സ്യത്തൊഴിലാളികൾക്ക് പുരസ്കാരം.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 225 അപേക്ഷകൾ.

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക ഭവനനിർമ്മാണ പദ്ധതി

131 [1934] ഡോ. തോമസ് ഐസക്ക്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ഏജൻസികളുടെയും സംഘടനകളുടെയും പങ്കാളിത്തത്തോടെയാണ് മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക ഭവനനിർമ്മാണ പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതിപ്രകാരം എത്ര മത്സ്യത്തൊഴിലാളികൾക്ക് എന്തുതുക വീതം അനുവദിച്ചു എന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ;

(സി) ഇതുപ്രകാരം എത്ര ഭവനങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) 3945 വീടുകൾ.

എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള കേസ്സുകൾ

132 [1935] ശ്രീ. പി. സി. ജോർജ്ജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എക്സൈസ് വകുപ്പിൽ ജോയിന്റ് എക്സൈസ് കമ്മീഷണറുടെ ചുമതല വഹിക്കുന്ന ആളിന്റെ പേരിൽ കണക്കിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതിനും, അധികാരം ദുർവിനിയോഗം ചെയ്തതിന്റെ പേരിലും വിജിലൻസ് കേസ്സുകൾ നിലവിലുണ്ടോ;

---

† അനുബന്ധം IX